## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1714 17.06.2013-ൽ മറുപടിയ്ക്ക്

### ശ്രീ. റ്റി. റ്റി. തോമസിനെ ദേശീയ ധീരത പുരസ്കാരത്തിന് പരിഗണിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) |
| (എ) തകഴി ഗ്രാമപഞ്ചായത്തിൽ തെക്കേ തലയ്ക്കൽ വീട്ടിൽ ശ്രീ. റ്റി. റ്റി. തോമസിന് ദേശീയ ധീരതയ്ക്കുള്ള പുരസ്ക്കാരത്തിന് ആലപ്പുഴ ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച ഫയലിന്മേൽ (N5-41407/12, Dated 3-1-2013) എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>(ബി) ശ്രീ. റ്റി. റ്റി. തോമസിന് ദേശീയ ധീരതയ്ക്കുള്ള പുരസ്ക്കാരത്തിന് ശുപാർശ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെയാണ് ധീരതയ്ക്കുള്ള പുരസ്കാരത്തിന് പരിഗണിക്കുന്നത്. അതിനാൽ ശ്രീ. റ്റി. റ്റി. തോമസിനെ ജീവൻരക്ഷാ പതക്ക് പുരസ്കാരത്തിന് ശുപാർശ ചെയ്യുന്നത് പരിഗണിക്കുന്നതിലേക്കായി അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനും ടിയാന്റെ സ്വഭാവവും പൂർവ്വകാല ചരിത്രവും സംബന്ധിച്ച സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തി തിരിച്ചയ്ക്കുന്നതിനുമായി അപേക്ഷ ഉള്ളടക്കത്തോടൊപ്പം ആലപ്പുഴ ജില്ലാ കളക്ടർക്ക് തിരികെ അയച്ചു കൊടുത്തിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ